2. ശ്രീ. കെ. എം. മാണി:

ബാർ ലൈസൻസ് പുതുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. കെ.എം. മാണി, ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ കോഴ വാങ്ങിയെന്ന ആരോപണത്തിൽ ഒരു വിജിലൻസ് കേസ് (വി.സി. 06/2014 എസ്.ഐ.യു -I) 10-12-2014-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

3. ശ്രീ. പി. ജെ. ജോസഫ്:

1997-ൽ റവന്യൂ വകുപ്പുമന്ത്രിയായിരിക്കെ ഫോറസ്റ്റ്/റവന്യൂ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തി ഗ്രീൻബർഗ് റിസോർട്ട് അതോറിറ്റി (കുളമാവ്, ഇടുക്കി ജില്ല) ഉടമയ്ക്ക് വനം കയ്യേറാൻ അനുമതി നൽകുകവഴി പ്രസ്തുത റിസോർട്ട് ഉടമയ്ക്ക് സാമ്പത്തിക ലാഭമുണ്ടാക്കിയെന്ന ആരോപണവുമായി ബന്ധപ്പെട്ട് കോടതി ഉത്തരവ് പ്രകാരം ഒരു വിജിലൻസ് കേസ് (വി.സി.05/2012/ഇ.ആർ.കെ) 5-10-2012-ൽ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു.

(ബി&സി) കേരള മോട്ടോർ വാഹന വകുപ്പിൽ ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് എന്നവകാശപ്പെട്ട സുവനീർ പ്രസിദ്ധീകരിക്കുന്നതിനായി ഗതാഗത വകുപ്പുമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അനുമതിയോടെ മാനദണ്ഡങ്ങൾ പാലിക്കാതെ ക്വട്ടേഷനുകൾ അടിച്ച് മോട്ടോർ വാഹന ഉടമകളിൽ നിന്നും വൻതുക പിരിച്ചെടുക്കുന്നതായ ആരോപണം സംബന്ധിച്ച് ശ്രീ. ജോൺസൺ പടമാടൻ, പ്രസിഡന്റ്, കേരള ബസ് ടാൻസ്പോർട്ട് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ഫയൽ ചെയ്ത് സി.എം.പി. 367/2015 എന്ന പരാതിയിൽ ബഹുമാനപ്പെട്ട തൃശ്ശൂർ വിജിലൻസ് കോടതിയുടെ 10-3-2015-ലെ ഉത്തരവിൻപ്രകാരം ബഹുമാനപ്പെട്ട ഗതാഗതവും വനവും വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർക്കെതിരായി ഒരു പ്രാഥമിക അന്വേഷണം (Preliminary Enquiry) സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് II-ലെ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടുമുഖാകെ നടത്തിവരുന്നു. മറ്റ് കോടതികളോ, ലോകായുക്തയോ മന്ത്രിമാർക്കെതിരെ അന്വേഷണത്തിന് വിജിലൻസിന് നിർദ്ദേശം നൽകിയിട്ടില്ല.

മുൻമുഖ്യമന്ത്രിയുടെ ബന്ധുവിന് ഭൂമി അനുവദിച്ച കേസിന്റെ അന്വേഷണം

274 (278) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെകാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസിൽ ആർക്കെല്ലാമെതിരെയാണ് കുറ്റപത്രം സമർപ്പിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് ഭൂമി അനുവദിച്ചത് സംബന്ധിച്ച കേസിന്റെ അന്വേഷണം പൂർത്തിയാക്കി അന്വേഷണ റിപ്പോർട്ട് 3-12-2012 തീയതിയിൽ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഹൈക്കോടതി ഉത്തരവുപ്രകാരം കേസ്സിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

(ബി) 1. ശ്രീ. വി. എസ്. അച്ചുതാനന്ദൻ - മുൻ മുഖ്യമന്ത്രി

2. ശ്രീ. കെ. പി. രാജേന്ദ്രൻ - മുൻ റവന്യൂ വകുപ്പുമന്ത്രി

3. ശ്രീ. ടി.കെ. സോമൻ - സഹകാര്യ വ്യക്തി

4. ശ്രീ. എൻ. എ കൃഷ്ണൻകുട്ടി, ഐ.എ.എസ് (റിട്ടയേർഡ്) - മുൻ ജില്ലാകളക്ടർ, കാസർഗോഡ്

5. ശ്രീ. എ. സുരേഷ് - മുൻമുഖ്യമന്ത്രിയുടെ പേഴ്സണൽ അസിസ്റ്റന്റ്

എന്നിവർക്കെതിരെ പ്രോസിക്യൂഷന് വിജിലൻസ് ഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ഈ കേസുമായി ബന്ധപ്പെട്ട് ശ്രീ. വി. എസ്. അച്ചുതാനന്ദൻ സമർപ്പിച്ച ഹർജിയിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം കേസിന്റെ തുടർനടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. കേസ് വേഗത്തിൽ തീർപ്പാക്കികിട്ടുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതിന് അഡ്വക്കേറ്റ് ജനറലിനോടാവശ്യപ്പെട്ടിട്ടുണ്ട്.

മന്ത്രിമാർക്കെതിരായ വിജിലൻസ് കേസ്

275 (279) (ശ്രീ) ഡോ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

മുഖ്യമന്ത്രിയ്ക്കെതിരായി ഏതെല്ലാം വിജിലൻസ് കേസുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട് ; വിശദവിവരം നൽകുമോ ?

ഉത്തരം

മുഖ്യമന്ത്രിക്കെതിരെ വിജിലൻസ് കേസുകളൊന്നും നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly